(സി) പദ്ധതി രൂപരേഖ തയ്യാറാക്കാൻ ഒരു ദേശീയ ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത ദേശീയ ഉപദേശക സമിതി കേരള സ്റ്റേറ്റ് സെന്റർ ഫോർ അസിസ്റ്റീവ് ടെക്നോളജീസിന്റെ പ്രവർത്തനത്തിനുവേണ്ട രൂപരേഖകൾ തയ്യാറാക്കിയിട്ടുണ്ട്. അതിൻപ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കി തുടങ്ങിയിട്ടുമുണ്ട്.

തീർപ്പാകാതെ കെട്ടിക്കിടക്കുന്ന ഫയലുകൾ

70 (72) ശ്രീ. പി. ടി. എ. റഹീം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ബഹു. മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) തീർപ്പാകാതെ കെട്ടിക്കിടക്കുന്ന ഫയലുകളുടെകാര്യം അവലോകനം ചെയ്തിട്ടിട്ടുണ്ടോ ; എങ്കിൽ എന്ന്, ഏത് തലത്തിൽ എന്ന് വ്യക്തമാക്കാമോ ;

(ബി) സെക്രട്ടേറിയറ്റിൽ തീർപ്പാകാതെ കെട്ടിക്കിടക്കുന്ന ഫയലുകളുടെ വകുപ്പ് അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ ; ഒരു മാസത്തിലധികമായി പെന്റിംഗിൽ കിടക്കുന്ന ഫയലുകളെത്ര ; 6 മാസത്തിലധികമായി കെട്ടിക്കിടക്കുന്ന ഫയലുകളെത്ര ; വ്യക്തമാക്കാമോ ;

(സി) മന്ത്രിമാരുടെ പരിഗണനയ്ക്ക് വന്ന ഫയലുകളിൽ തീർപ്പാക്കാൻ ബാക്കിയുള്ളവ എത്ര വീതമാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(ഡി) എത്ര മന്ത്രിസഭാ തീരുമാനങ്ങൾ ഉത്തരവിലൂടെ പുറത്തിറങ്ങാൻ ബാക്കിയുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) എല്ലാ മാസവും വകുപ്പുകൾ സമർപ്പിക്കുന്ന പ്രതിമാസ പ്രവർത്തന പത്രികകളുടെ അടിസ്ഥാനത്തിൽ തീർപ്പാകാതെ കെട്ടിക്കിടക്കുന്ന ഫയലുകളുടെ അവലോകനം നടത്താറുണ്ട്. ഏറ്റവും അവസാനം അവലോകനം നടത്തിയത് 2015 ഏപ്രിൽ മാസത്തിൽ വകുപ്പ് സെക്രട്ടറി തലത്തിലാണ്.

(ബി) വകുപ്പുകളുടെ പ്രതിമാസ പത്രിക പ്രകാരം ഒരു വർഷത്തിനും രണ്ട് വർഷത്തിനും ഇടയ്ക്ക് പഴക്കമുള്ളവ, രണ്ട് വർഷത്തിനും മൂന്ന് വർഷത്തിനും ഇടയ്ക്കുള്ളവ, മൂന്ന് വർഷത്തിനുമേൽ പഴക്കമുള്ളവ എന്നീ പ്രകാരമാണ് ഫയലുകളുടെ കാലപ്പഴക്കം പരിശോധിച്ചുവരുന്നത്. ഇതിൽ ഒരു മാസത്തിലധികമായ 1,22,668 ഫയലുകളും ഒരു വർഷത്തിലധികമായ 20,507 ഫയലുകളുമുണ്ട്. വകുപ്പുതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി & ഡി) വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly